## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1468 — 07.06.2018 -ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നത് സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഓരോ വില്ലേജ് ഓഫീസിലും നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും, പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. |
| (സി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) കോഴിക്കോട് ജില്ലയിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളുടെ വിവരം ചുവടെ ചേർക്കുന്നു: |

| വർഷം | വില്ലേജിന്റെ പേര് |
|---|---|
| 2013-14 | നഗരം |
| 2016-17 | പന്തീരങ്കാവ് |
| 2017-18 | 1. കരുവൻതുരുത്തി<br>2. ആയഞ്ചേരി |

സെക്ഷൻ ഓഫീസർ